Note:- Details regarding standards of vision shall be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be stated separately. Special attention should be directed to the distant vision. Required standards of vision are as follows.

| | Right Eye | Left Eye |
|---|---|---|
| (a) Distant Vision | 6/6 snellen | 6/6 snellen |
| (b) Near Vision | 0.5 snellen | 0.5 snellen |

(c) Each eye must have full field of vision.

## കാറ്റഗറി നമ്പർ: 444/2014
## ഡ്രൈവർ ഗ്രേഡ് II (എച്ച്.ഡി.വി.)
## (വിമുക്തഭടന്മാരിൽ നിന്നു മാത്രം)
## എൻ.സി.സി/സൈനിക ക്ഷേമ വകുപ്പ്

| | | |
|---|---|---|
| 1. | **വകുപ്പ്** | : എൻ.സി.സി/സൈനിക ക്ഷേമ വകുപ്പ് |
| 2. | **ഉദ്യോഗപ്പേര്** | : ഡ്രൈവർ ഗ്രേഡ് I (എച്ച്.ഡി.വി.) (വിമുക്തഭടന്മാരിൽ നിന്നു മാത്രം) |
| 3. | **ശമ്പളം** | : ₹9,190–15,780/ |
| 4. | **ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ ആലപ്പുഴ – 1 (ഒന്ന്) |
| 5 | **നിയമന രീതി** | : നേരിട്ടുള്ള നിയമനം. |
| 6. | **പ്രായം** | : 21–39. ഉദ്യോഗാർത്ഥികൾ |

02.01.1975നും 01.01.1993നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവ് ഉണ്ടായിരിക്കും. വിമുക്ത ഭടന്മാരെ സംബന്ധിച്ചുള്ള പരമാവധി പ്രായപരിധിയിൽ അവരുടെ പ്രതിരോധ സേനയിലുള്ള സേവനത്തിന് തുല്യമായ കാലത്തോളവും പ്രതിരോധ സേനയിൽ നിന്നും പിരിച്ചുവിട്ടതിനു ശേഷവും തൊഴിൽ ഇല്ലാതെ നിന്ന കാലത്തിൽ പരമാവധി അഞ്ച് വർഷത്തോളവും ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ടെറിട്ടോറിയൽ സേനാവിഭാഗത്തിൽ സേവനം അനുഷ്ഠിച്ചവർക്കു ലഭിക്കുന്നതാണ്.

**കുറിപ്പ്:**യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിൻെറ പാർട്ട് 2 പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : 1) മലയാളമോ തമിഴോ കന്നടയോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

2) ഹെവി ഡ്യൂട്ടി വാഹനങ്ങളും മോട്ടോർ സൈക്കിളും ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ട് നിലവിലുള്ള മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ഹെവി ഡ്യൂട്ടി വാഹനങ്ങൾ (മിലിട്ടറിയോ സിവിലോ) ഓടിച്ചുള്ള മൂന്നുവർഷത്തെ പരിചയവുമുണ്ടാ യിരിക്കണം. 16.01.1979 നുശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നി രണ്ടുതരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള 'ഏൻഡോഴ്സ്മെൻറ്' ഉണ്ടായിരിക്കണം. ഇവയിൽ ഒന്നുമാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. മോട്ടോർ വെഹിക്കിൾ ആക്ടിൻെറ 47/78 എന്ന ഭേദഗതി കാണുക)

**കുറിപ്പ്:–** (i) KS & SSR Part II Rule 10 (a) ii ബാധകമാണ്.

(ii) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം ഒരു പ്രായോഗിക പരീക്ഷയിൽ (H Test അടക്കം) തെളിയിക്കേണ്ടതാണ്. ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമെ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.

(iii) തെരഞ്ഞെടുപ്പിൻെറ എല്ലാ ഘട്ടങ്ങളിലും സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

3. മെഡിക്കൽ ഫിറ്റ്നസ്.

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

(ബി) കണ്ണ് :

| | വലത് | ഇടത് |
|---|---|---|
| ദൂരക്കാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണമായിരിക്കണം. | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം. | |

(സി)പേശികളും സന്ധികളും : തളർവാഷതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി)ഞരമ്പുഘടന: പൂർണ്ണമായും സാധാരണരീതിയിലുള്ളതായിരിക്കണം പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

4) ഉദ്യോഗാർത്ഥികൾ വിമുക്തഭടന്മാരോ ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ടിച്ചിട്ടുള്ളവരോ ആയിരിക്കണം. (അപേക്ഷകർ ഡിസ്ചാർജ് സർട്ടിഫിക്കറ്റിൻേറയും പെൻഷൻ പേയമെൻറ് ഓർഡറിൻേറയും സ്വയം സാക്ഷ്യപ്പെടുത്തിയ പൂർണ്ണമായ ശരിപകർപ്പുകൾ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്)

**കുറിപ്പ്:–** 1. ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മോട്ടോർ വാഹനങ്ങൾ ക്ലീൻ ചെയ്യുന്നതിനും ഓയിൽ ഇടുന്നതിനും സന്നദ്ധരായിരിക്കണം. ഇക്കാര്യം അപേക്ഷയിൽ യോഗ്യതയുടെ കോളത്തിൽ രേഖപ്പെടുത്തേണ്ട താണ്.

2. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ കൂടി ഓടിക്കുന്നതിന് കഴിവുള്ളതായിരിക്കണം.

***3. വികാലംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.***

4. ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

5. ഈ തസ്തികയിലേക്കുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ പ്രായോഗികപരീക്ഷക്ക് മുന്നോടിയായി ഒരു എഴുത്തു പരീക്ഷകൂടി നടത്തുന്നതാണ്.

6. പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(3)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (3 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റൻറ് സർജൻെറ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫിസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ട താണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെൻറ് സർവ്വീസിലുള്ള ഒഫ്ത്താൽമോളജി സ്റ്റിൽ നിന്ന് വാങ്ങി ഹാജാരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃക ഈ വിജ്ഞാപനത്തോടപ്പം ചുവടെ ചേർത്തിട്ടുണ്ട്.

7. സർവ്വീസിൽ പ്രവേശിച്ച തീയതി, സർവ്വീസിൽ നിന്നും വിടുതൽ ചെയ്ത തീയതി, വാഹനത്തിൻെറ ഇനം മുതലായവ ഡ്രൈവിംഗിലുള്ള പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കേണ്ടതാണ്. ഇപ്പോൾ സർവ്വീസിലാണെങ്കിൽ ആ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

8.ഈ വിജ്ഞാപനപ്രകാരം തയ്യാറക്കപ്പെടുന്ന റാങ്കുലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേക്കും ഊഴം അനുസരിച്ച് നിയമന ശിപാർശ ചെയ്യുന്നതാണ്.

9. അപേക്ഷ നൽകേണ്ട അവസാന തീയതിക്കും, OMR പരീക്ഷാതീയതിലും പ്രായോഗിക പരീക്ഷ, ഇൻറർവ്യൂ, നിയമന തീയതി തുടങ്ങിയ എല്ലാ തെരഞ്ഞെടുപ്പു സമയത്തും ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.

**പ്രൊബേഷൻ:–** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളീൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER (LDV/HDV)

(To be filled up by a Medical Officer not below the rank of an Assistant Surgeon)

1. What is the applicants apparent age ?
2. Is the applicant to the best of your judgement, subject to epilepsy, vertigo or any mental ailment likely to effect his efficiency ?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver ?
4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformtiy or loss of finger, which would interfere with the efficient performance of his duties as a driver ?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseases)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks ?
9. Marks of Identification

He is physically fit for the post of ..................... ..............

I certify to the best of my knowledge and belief that the applicant Shri......... is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph).

Signature:

Photo of the Candidate

Name :
Designation &
Official Address

Place :
Date :
(Seal)


Cover story

# നൊബേൽ സമ്മാനം




ആർ സി സുരേഷ്കുമാർ

**എൺപതിനായിരത്തിലധികം കുട്ടികളെ ബാലവേലയിൽനിന്ന് മോചിപ്പിച്ച ത്യാഗപൂർണമായ ജീവിതത്തിനുടമയായ കൈലാഷ് സത്യാർഥിയും ഭീകരതയ്ക്കെതിരെ നിർഭയം പിടിച്ചുനിന്ന് ലോകശ്രദ്ധ നേടിയ മലാല യൂസഫ്സായിയും 2014 ഡിസംബർ പത്തിന് ഓസ്‌ലോയിലെ പുരസ്കാര സമർപ്പണച്ചടങ്ങിൽ സമാധാന നൊബേൽ ഏറ്റുവാങ്ങുമ്പോൾ ആദരിക്കപ്പെടുന്നത് ത്യാഗമനസ്ഥിതിയാണ്, നിർഭയത്വമാണ്. സമൂഹത്തിനുവേണ്ടി ഉയർത്തിപ്പിടിക്കാൻ കഴിയുന്ന ഏറ്റവും മികച്ച സദ്ഗുണമാണ് ത്യാഗം. നേതൃപരമായ ഔന്നത്യത്തിന് ഏറ്റവും അനിവാര്യമായ വ്യക്തിഗുണമാണ് നിർഭയത്വം. ഇക്കൊല്ലത്തെ സമാധാന നൊബേൽ ജേതാക്കൾക്ക് പ്രണാമമർപ്പിച്ചുകൊണ്ട് നൊബേൽ പുരസ്കാര സംബന്ധമായ വിശദവിവരങ്ങൾ പഠിക്കാം.**


ആൽഫ്രഡ് നൊബേൽ

## ചരിത്രം

* നൊബേൽ സമ്മാനം ആദ്യമായി നൽകിയ വർഷം 1901 ആണ്.
* നൊബേൽ സമ്മാനം ഏർപ്പെടുത്തിയ ശാസ്ത്രജ്ഞനാണ് ആൽഫ്രഡ് നൊബേൽ (Alfred Nobel).
* Gold medal, a diploma, and a monetary grant എന്നിവ ചേർന്നതാണ് നൊബേൽ സമ്മാനം.
* നൊബേൽ സമ്മാനം ഏർപ്പെടുത്താൻ ആൽഫ്രഡ് നൊബേൽ തന്റെ വിൽപത്ര പ്രകാരം വ്യവസ്ഥ ചെയ്ത വർഷംമാണ് 1895.
* നൊബേൽ അന്തരിച്ച വർഷമാണ് 1896.
* ആൽഫ്രഡ് നൊബേലിനെ പ്രസിദ്ധനാക്കിയ കണ്ടുപിടുത്തമാണ് ഡൈനാമൈറ്റ്.
* ആൽഫ്രഡ് നൊബേൽ 5 വിഷയങ്ങളിലാണ് നൊബേൽ സമ്മാനം ഏർപ്പെടുത്തിയത്.ഇപ്പോൾ നൊബേൽ സമ്മാനം 6 വിഷയങ്ങളിലാണ് നൽകുന്നത്.
* ആദ്യ നൊബേൽ സമ്മാനം നൽകിയത് ഭൗതികശാസ്ത്രം (Physics), രസതന്ത്രം (Chemistry), വൈദ്യശാസ്ത്രം (Medicine and Phy-siology), സാഹിത്യം (Literature), സമാധാനം (Peace) എന്നീ വിഷയങ്ങളിലാണ്.
* ഇക്കണോമിക്സ് വിഷയത്തിലെ നൊബേൽ സമ്മാനമാണ് ആൽഫ്രഡ് നൊബേൽ ഏർപ്പെടുത്തിയത് അല്ലാത്തത്. ഇക്കണോമിക്സിൽ നൊബേൽ സമ്മാനം ഏർപ്പെടുത്തിയ സ്ഥാപനമാണ് Sveriges Riksbank (ബാങ്കിന്റെ മുന്നൂറാം വാർഷികം പ്രമാണിച്ച്).
* ഇക്കണോമിക്സിൽ നൊബേൽ സമ്മാനം നൽകാൻ Sveriges Riksbank വ്യവസ്ഥ ചെയ്ത വർഷമാണ് 1968.
* ഇക്കണോമിക്സിൽ ആദ്യമായി നൊബേൽ സമ്മാനം നൽകിയത് 1969 ലാണ്.
* ഇക്കണോമിക്സിലെ നൊബേൽ സമ്മാനത്തിന്റ ഔദ്യോഗിക നാമമാണ് The Sveriges Riksbank Prize in Economic Sciences in Memory of Alfred Nobel.

## പുരസ്കാര നിർണയം

* Physics, Chemistry, Economics എന്നീ വിഷയങ്ങളിൽ ജേതാക്കളെ നിർണയിക്കുന്നത് The Royal Swedish Academy of Sciences.
* Medicine and Physiology നൊബേൽ ജേതാവിനെ നിർണയിക്കുന്നത് കരോലിൻസ്ക ഇൻസ്റ്റിറ്റ്യൂട്ട് (സ്വീഡൻ) (Karolinka Institute).
* Literature നൊബേൽ ജേതാവിനെ നിർണയിക്കുന്നത് Swedish Academy.
* സമാധാന നൊബേൽ ജേതാവിനെ നിർണയിക്കുന്നത് നോർവീജിയൻ പാർലമെന്റ് നിയോഗിക്കുന്ന ഒരു കമ്മിറ്റി (Norwegian Nobel Committee consists of five members elected by the Norwegian Storting).

## പുരസ്കാര സമർപ്പണം

* സമാധാനം ഒഴികെയുള്ള വിഷയങ്ങളിൽ നൊബേൽ സമ്മാനം നൽകുന്ന നഗരമാണ് സ്റ്റോക്ക്ഹോം (സ്വീഡന്റെ തലസ്ഥാനം).
* സമാധാന പുരസ്കാരം സമർപ്പിക്കുന്നത് ഓസ്‌ലോ (നോർവെയുടെ തലസ്ഥാനം) നഗരത്തിൽ വച്ചാണ്.
* ഒക്ടോബർ മാസത്തിലാണ് നൊബേൽ സമ്മാനം പ്രഖ്യാപിക്കുന്നത്. നൊബേൽ പുരസ്കാര സമർപ്പണം നടത്തുന്ന തീയതി ഡിസംബർ 10 (ആൽഫ്രഡ് നൊബേലിന്റെ ചരമദിനം) ആണ്.
* സമാധാനം ഒഴികെയുള്ള വിഷയങ്ങളിൽ നൊബേൽ സമ്മാനം ജേതാക്കൾക്ക് സമർപ്പിക്കുന്നത് സ്വീഡനിലെ രാജാവാണ്. സമാധാന സമ്മാനം ജേതാവിന് സമർപ്പിക്കുന്നത് നോർവീജിയൻ നൊബേൽ കമ്മിറ്റിയുടെ ചെയർമാൻ (നോർവെയിലെ രാജാവിന്റെ സാന്നിധ്യത്തിൽ) ആണ്.
* സംഘടനകൾക്കും ലഭിക്കാൻ അർഹതയുള്ള നൊബേൽ സമ്മാനം- സമാധാന നൊബേൽ
* ഒരു വിഷയത്തിൽ പരമാവധി എത്ര പേർക്ക് പുരസ്കാരം ലഭിക്കാം- മൂന്ന്
* നൊബേൽ ചരിത്രത്തിൽ എറ്റവും കൂടുതൽ പുരസ്കാര ജേതാക്കളുള്ള വിഷയം ഏത്- ഭൗതികശാസ്ത്രം
* നൊബേൽ ചരിത്രത്തിൽ എറ്റവും കുറച്ച് പുരസ്കാര ജേതാക്കളുള്ള വിഷയം ഏത്- ഇക്കണോമിക്സ്
* ഏറ്റവും കുറച്ചു പ്രാവശ്യം പങ്കിടപ്പെട്ടത് ഏത് വിഷയത്തിലെ സമ്മാനമാണ്- സാഹിത്യം
* നൊബേൽ സമ്മാനം പരമാവധി മൂന്നു പേർക്ക് പങ്കിടാമെങ്കിലും ഏത് വിഷയത്തിലാണ് ഇതുവരെ അപ്രകാരം സംഭവിച്ചിട്ടില്ലാത്തത്- സാഹിത്യം

## ആദ്യ നൊബേൽ

* ഭൗതികശാസ്ത്രനൊബേലിന് ആദ്യമായി അർഹനായത്- W.C.Roentgen (ജർമനി)
* റോൺജനെ പ്രസിദ്ധനാക്കിയ കണ്ടുപിടുത്തം- X-Ray
* രസതന്ത്ര നൊബേലിന് ആദ്യമായി അർഹനായത്- Jacobus H. Van't Hoff(റഷ്യ)
* വൈദ്യശാസ്ത്രനൊബേലിന് ആദ്യമായി അർഹനായത്- Emil von Behring (ജർമനി)
* സാഹിത്യ നൊബേലിന് ആദ്യമായി അർഹനായത്- Rene Sully Prudhomme (ഫ്രാൻസ്)
* സമാധാന നൊബേൽ ആദ്യമായി നേടിയത് - Henri Dunant (സ്വിറ്റ്സർലന്റ്) Frederick Passey (ഫ്രാൻസ്)
* ആദ്യമായി നൊബേൽ സമ്മാനം പങ്കിട്ടവർ- ഹെൻറി ഡുനാൻറും ഫ്രെഡറിക് പാസിയും
* ഏത് സംഘടനയാണ് ഹെൻറി ഡുനാന്റ് സ്ഥാപിച്ചത്- റെഡ് ക്രോസ് (1863)
* ഇക്കണോമിക്സിൽ ആദ്യമായി നൊബേൽ നേടിയത്- Ragner Frisch (നോർവെ), Jan Tinbergen (നെതർലൻഡ്സ്)



## നൊബേലും വനിതകളും

* വനിതകൾ ഏറ്റവും കൂടുതൽ പുരസ്കാരം കരസ്ഥമാക്കിയിട്ടുള്ള വിഷയം- സാഹിത്യം, സമാധാനം (12 വീതം)
* വനിതകൾ ഏറ്റവും കുറച്ച് പുരസ്കാരം കരസ്ഥമാക്കിയിട്ടുള്ള വിഷയം- ഇക്കണോമിക്സ് (1)
* നൊബേൽ സമ്മാനത്തിനർഹായ ആദ്യ വനിത- മേരി ക്യൂറി (1903- ഭൗതികശാസ്ത്രം for the discovery of radioactivity)



* രസതന്ത്രത്തിൽ ആദ്യമായി നൊബേൽ നേടിയ വനിത- മേരി ക്യൂറി (1911- for the isolation of pure radium)
* രണ്ടുവിഷയങ്ങളിൽ ആദ്യമായി നൊബേൽ നേടിയ വ്യക്തി (വനിത)- മേരി ക്യൂറി
* രണ്ടുവിഷയങ്ങളിൽ നൊബേൽ നേടിയ ഏക വനിത- മേരി ക്യൂറി
* വൈദ്യശാസ്ത്രത്തിൽ ആദ്യമായി നൊബേൽ നേടിയ വനിത- Gerty Cori (1947)
* സാഹിത്യ നൊബേൽ നേടിയ ആദ്യ വനിത- Selma Lagelof (1909)
* സെൽമാ ലാഗർ ലോഫ് ഏതു രാജ്യക്കാരിയാണ്- സ്വീഡൻ
* സമാധാന നൊബേൽ നേടിയ ആദ്യ വനിത- Bertha Von Sutter- Belgium (1905)
* സാമ്പത്തിക ശാസ്ത്ര നൊബേൽ നേടിയ ആദ്യ വനിത- Elinor Ostrom (2009)
* ഏറ്റവും കൂടിയ പ്രായത്തിൽ നൊബേൽ നേടിയ വനിത - Doris Lessing (88)
* ഏറ്റവും കുറഞ്ഞ പ്രായത്തിൽ നൊബേൽ നേടിയ വനിത- മലാല യൂസഫ്സായി (17 വയസ്സ്)



* സമാധാന നൊബേൽ നേടിയ ആദ്യ ആഫ്രിക്കൻ വനിത- Wangari Mathai
* 2003-ൽ സമാധാന നൊബേൽ നേടിയ ഇറാൻകാരി- Shirin Ebadi
* സാഹിത്യ നൊബേൽ നേടിയ ആദ്യ അമേരിക്കൻ വനിത- പേൾ എസ്. ബക്ക് (1938)
* 1993ൽ സാഹിത്യ നൊബേൽ നേടിയ അമേരിക്കൻ വനിത-Tony Morrison
* 2004 ലെ സാഹിത്യ നൊബേൽ നേടിയ എൽഫ്രീഡ് ജെലിനെക് ഏതു രാജ്യക്കാരിയാണ്- ജർമനി
* നൊബേൽ സമ്മാനം നേടിയ ആദ്യ അമേരിക്കൻ വനിത- ജെയ്ൻ ആദംസ്

## നൊബേലും പ്രായവും

* ഏറ്റവും പ്രായം കുറഞ്ഞ നൊബേൽ സമ്മാന ജേതാവ് പാകിസ്താനിലെ മലാല യൂസഫ്സായി (17 വയസ്സ്). 2014-ലെ സമാധാന നൊബേൽ ഇന്ത്യക്കാരനായ കൈലാഷ് സത്യാർഥിക്കൊപ്പം പങ്കിട്ട മലാല പിന്നിലാക്കിയത് ലോറൻസ് ബ്രാഗിന്റെ റെക്കോർഡാണ്. 1915ൽ പിതാവ് വില്യം ബ്രാഗിനൊപ്പം Lawrence Bragg ഭൗതികശാസ്ത്ര പുരസ്കാരം പങ്കിട്ടത് 25 വയസ്സുള്ളപ്പോഴാണ്.
* ഏറ്റവും പ്രായം കൂടിയ നൊബേൽ സമ്മാന ജേതാവ്- Leonid Hurwicz (90 വയസ്സ്)- 2007-ൽ സാമ്പത്തികശാസ്ത്ര പുരസ്കാരം നേടി
* ഏറ്റവും കുറഞ്ഞ പ്രായത്തിൽ രസതന്ത്ര നൊബേൽ നേടിയത്- Frederic Joliot (35), 1935
* ഏറ്റവും കുറഞ്ഞ പ്രായത്തിൽ വൈദ്യ

ശാസ്ത്ര നൊബേൽ നേടിയത് –Frederick Banting (32), 1923

* ഏറ്റവും കുറഞ്ഞ പ്രായത്തിൽ സാഹിത്യ നൊബേൽ നേടിയത്– Rudyard Kipling (42), 1907
* ഏറ്റവും കുറഞ്ഞ പ്രായത്തിൽ സമാധാന നൊബേൽ നേടിയത്–മലാല യൂസഫ് സായി(17), 2014
* ഏറ്റവും കുറഞ്ഞ പ്രായത്തിൽ സാമ്പത്തികശാസ്ത്ര നൊബേൽ നേടിയത്– Kenneth J. Arrow (51), 1972
* ഏറ്റവും കൂടിയ പ്രായത്തിൽ ഭൗതികശാസ്ത്ര നൊബേൽ നേടിയത്– Raymond Davis Jr. (88), 2002
* ഏറ്റവും കൂടിയ പ്രായത്തിൽ രസതന്ത്ര നൊബേൽ നേടിയത്– John B. Fenn (85), 2002
* ഏറ്റവും കൂടിയ പ്രായത്തിൽ വൈദ്യശാസ്ത്ര നൊബേൽ നേടിയത് Peyton Rous (87), 1966
* ഏറ്റവും കൂടിയ പ്രായത്തിൽ സാഹിത്യ നൊബേൽ നേടിയത്– Doris Lessing (88), 2007 (ബ്രിട്ടീഷ് എഴുത്തുകാരി)
* ഏറ്റവും കൂടിയ പ്രായത്തിൽ സമാധാന നൊബേൽ നേടിയത്– Joseph Rotblat (87), 1995

## വേണ്ടാത്ത നൊബേൽ, കിട്ടാത്ത നൊബേൽ

* തന്റെ രാജ്യത്തിലെ ഭരണകൂടത്തിന്റെ സമ്മർദ്ദംമൂലം 1958–ലെ സാഹിത്യ നൊബേൽ തിരസ്കരിച്ച റഷ്യൻ സാഹിത്യകാരൻ– Boris Pasternak
* 1964ലെ സാഹിത്യ നൊബേൽ തിരസ്കരിച്ച വ്യക്തി– Jean Paul Satre (ഫ്രാൻസ്)
* 1970–ലെ സാഹിത്യ നൊബേൽ ലഭിച്ചെങ്കിലും സാഹചര്യങ്ങൾ പ്രതികൂലമായതിനാൽ നാലുവർഷങ്ങൾക്കുശേഷം പുരസ്കാരം ഏറ്റുവാങ്ങിയ റഷ്യൻ സാഹിത്യകാരൻ–Alexander Solzhenitsyn
* സമാധാന നൊബേൽ തിരസ്കരിച്ച വ്യക്തി– Le Duc Tho (1973), വിയറ്റ് നാം
* സമാധാന നൊബേലിനർഹനായ ആദ്യ ഏഷ്യക്കാരൻ– Le Duc Tho (അമേരിക്കൻ നയതന്ത്രജ്ഞൻ ഹെൻറി കിസിഞ്ജറോടൊപ്പമാണ് അദ്ദേഹം സമ്മാനം പങ്കിട്ടത്)
* ഹിറ്റ്ലറുടെ വിലക്കുമൂലം നൊബേൽ പുരസ്കാരം സ്വീകരിക്കാൻ കഴിയാതെ പോയ ജർമൻ ശാസ്ത്രജ്ഞൻമാർ– Richard Kuhn- (1938– രസ തന്ത്രം), Adolf Butenandt- (1939– രസതന്ത്രം), Gerhard Domagk (1939–വൈദ്യശാസ്ത്രം) (മൂവരും പിന്നീട് നോബേൽ പ്രൈസ് ഡിപ്ലോമയും മെഡലും ഏറ്റുവാങ്ങി, പക്ഷേ പുരസ്കാരത്തുക വാങ്ങിയില്ല. )
* ജേതാവില്ലാതെ സമാധാന നൊബേൽ ദാനച്ചടങ്ങ് നടന്ന ആദ്യ അവസരം ജർമനിയിലെ പത്രപ്രവർത്തകനായിരുന്ന കാൾ ഒസീറ്റ്സ്കിക്ക് അവാർഡ് കിട്ടിയപ്പോളായിരുന്നു (1935).

## നൊബേലും ബന്ധുക്കളും

* ആദ്യമായി നൊബേൽ സമ്മാനം സ്വന്തമാക്കിയ (പങ്കിട്ട) ദമ്പതിമാർ– Marie Curie – Pierre Curie (1903)
* ആദ്യമായി നൊബേൽ സമ്മാനം സ്വന്തമാക്കിയ (പങ്കിട്ട) അച്ഛനും മകനും– William Bragg – Lawrence Bragg (1915)
* ആദ്യമായി നൊബേൽ സമ്മാനം സ്വന്തമാക്കിയ അച്ഛനും മകളും– Pierre Curie(1903) – Irene Joliot-Curie (1935)
* ആദ്യമായി നൊബേൽ സമ്മാനം സ്വന്തമാക്കിയ അമ്മയും മകളും– Marie Curie (1903, 1911)– Irene Joliot-Curie (1935)
* ജെ.ജെ തോംസണും (1906), ജോർജ് പേജറ്റ് തോംസണും (1937) ഒരേ വിഷയത്തിൽ നൊബേൽ നേടിയ അച്ഛനും മകനുമാണ്. ഏത് വിഷയത്തിൽ– ഭൗതികശാസ്ത്രം
* ആദ്യത്തെ സാമ്പത്തിക ശാസ്ത്ര നൊബേൽ ജേതാക്കളിലൊരാളായ ജാൻ ടിൻബെർജന്റെ (1969) സഹോദരൻ 1973–ൽ വൈദ്യശാസ്ത്ര നൊബേൽ നേടി. പേര്– Nicholas Tinbergen
* 1922ൽ ഭൗതികശാസ്ത്രനൊബേൽ പുരസ്കാരം നേടിയ നീൽസ് ബോറിന്റെ പുത്രൻ ഏജ് ബോർ അതേ വിഷയത്തിൽ പുരസ്കാരം നേടിയത് ഏത് വർഷമാണ് – 1975–ൽ

## രണ്ടു നൊബേലുകൾ

* രണ്ടു നൊബേൽ സമ്മാനം നേടിയ



വ്യക്തികൾ– Marie Curie (France), Linus Pauling (USA), John Bardeen (USA), Frederic Sanger (UK)

* ശാസ്ത്ര, ശാസ്ത്രേതര വിഷയങ്ങളിൽ നൊബേൽ സമ്മാനം നേടിയ ഏക വ്യക്തി– ലിനസ് പോളിങ് (1954 രസതന്ത്രം (for the hybridized orbital theory), 1962 സമാധാനം (for nuclear test-ban treaty activism)
* പങ്കിടാത്ത രണ്ടു നൊബേൽ സമ്മാനം നേടിയ ഏക വ്യക്തി –Linus Pauling
* ഏത് വിഷയത്തിലാണ് ജോൺ ബാർഡീൻ 1956ലും (for the invention of the transistor) 1972 ലും (for the theory of superconductivity) നൊബേൽ പുരസ്കാരം നേടിയത്– ഭൗതികശാസ്ത്രം
* Frederic Sanger ഏതെല്ലാം വർഷങ്ങളിലാണ് രസതന്ത്രത്തിൽ നൊബേൽ പുരസ്കാരം നേടിയത്– 1958 (for structure of the insulin molecule), 1980 (for virus nucleotide sequencing)

## കൂടുതൽ നൊബേൽ

* 1976–ൽ എല്ലാ നൊബേൽ പുരസ്കാരങ്ങളും നേടിയത് ഒരു രാജ്യക്കാരാണ്. ഏതു രാജ്യം–അമേരിക്കൻ ഐക്യനാടുകൾ
* നൊബേലിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ സമ്മാനം നേടിയിട്ടുള്ളത് ഏത് രാജ്യക്കാരാണ്–അമേരിക്കൻ ഐക്യനാടുകൾ
* സാഹിത്യ നൊബേൽ സമ്മാനം ഏറ്റവും കൂടുതൽ നേടിയിട്ടുള്ളത് ഏത് ഭാഷയിലെ രചയിതാക്കളാണ്– ഫ്രഞ്ച്
* ഏറ്റവും കൂടുതൽ നൊബേൽ സമ്മാനം നേടിയിട്ടുള്ള യൂറോപ്യൻ രാജ്യം–യുണൈറ്റഡ് കിങ്ഡം
* ഏറ്റവും കൂടുതൽ നൊബേൽ സമ്മാനം നേടിയിട്ടുള്ള ഏഷ്യൻ രാജ്യം–ജപ്പാൻ
* ഏറ്റവും കൂടുതൽ നൊബേൽ ലഭിച്ചിട്ടുള്ളത് –റെഡ്ക്രോസ് (1917, 1944,1963)

## നൊബേൽ; ആദ്യമായി

* നൊബേൽ സമ്മാനം നേടിയ ആദ്യ അമേരിക്കക്കാരൻ– Theodore Roosevelt (സമാധാനം,1906)
* നൊബേൽ സമ്മാനം നേടിയ ആദ്യ ഇംഗ്ലീഷ് സാഹിത്യകാരൻ– Rudyard Kipling (1907)
* നൊബേൽ സമ്മാനം നേടിയ ആദ്യ അമേരിക്കൻ സാഹിത്യകാരൻ– Sinclair Lewis (1930)
* നൊബേൽ സമ്മാനം നേടിയ ആദ്യ റഷ്യൻ സാഹിത്യകാരൻ– Ivan Bunin (1933)
* നൊബേൽ സമ്മാനം നേടിയ ആദ്യ ലാറ്റിനമേരിക്കാരൻ– Carlos Saavedra Lamas (സമാധാനം, 1936, Argentina)
* സാഹിത്യ നൊബേൽ സമ്മാനം നേടിയ ആദ്യ ലാറ്റിനമേരിക്കൻ വനിത– Gabriela Mistral, (1945, Chile)
* നൊബേൽ സമ്മാനം നേടിയ ആദ്യ



കറുത്ത വർഗക്കാരൻ– Ralph Bunche (സമാധാനം, 1950, U.S.A.)

* നൊബേൽ സമ്മാനം നേടിയ ആദ്യ ആഫ്രിക്കക്കാരൻ– Albert Lutuli (Peace, 1960, South Africa)
* ലാറ്റിനമേരിക്കയിൽ ജനിച്ച ആദ്യ നൊബേൽ സമ്മാന ജേതാവ്– Saint-John Perse (Literature, 1960, 1914 മുതൽ 1940 വരെ ഫ്രഞ്ച് നയതന്ത്രജ്ഞനായിരുന്ന ഇദ്ദേഹം പിന്നീട് 1967 വരെ അമേരിക്കയിലാണ് കഴിഞ്ഞത്. അന്തരിച്ചത് ഫ്രാൻസിലാണ്.യഥാർഥ പേര് Alexis Leger)
* കരീബിയൻ പൗരത്വമുണ്ടായിരുന്ന ആദ്യ നൊബേൽ ജേതാവ് –ഡെറെക് വാൾക്കോട്ട് (സാഹിത്യം, 1992, സെന്റ് ലൂയിസിൽ ജനിച്ച അദ്ദേഹം ബാർബഡോസിൽ താമസിക്കുമ്പോഴാണ് പുരസ്കാരത്തിനർഹനായത്).
* സാഹിത്യ നൊബേൽ സമ്മാനം നേടിയ ആദ്യ ഓസ്ട്രേലിയക്കാരൻ– Patrick White (1973)
* നൊബേൽ സമ്മാനം നേടിയ ആദ്യ ആഫ്രിക്കൻ സാഹിത്യകാരൻ– Wol Soinka (1986, Nigeria)
* നൊബേൽ സമ്മാനം നേടിയ ആദ്യ അറബ് സാഹിത്യകാരൻ– Nageub Mahfouz (1988, Egypt)
* നൊബേൽ സമ്മാനം നേടിയ ആദ്യ പാകിസ്താനി– Abdus Salam (Physics, 1979)
* നൊബേൽ സമ്മാനം നേടിയ ആദ്യ ബംഗ്ലാദേശി– Muhammad Yunus (Peace, 2006)

## നൊബേലും അമേരിക്കൻ പ്രസിഡന്റുമാരും

* സമാധാന നൊബേലിനർഹരായ അമേരിക്കൻ പ്രസിഡന്റുമാർ– Theodore Roosevelt (1906) , Woodrow Wilson (1919),Jimmy Carter (2002), Barak Obama (2009)
* ഏത് ഉടമ്പടി സ്ഥാപിക്കാൻ മുൻകൈയെടുത്തതിനാണ് തിയോഡർ റൂസ്‌വെൽറ്റിന് നൊബേൽ സമ്മാനം നൽകിയത്– Russo-Japanese Treaty
* ഏത് സംഘടന സ്ഥാപിക്കാൻ മുൻകൈയെടുത്തതിനാണ് വുഡ്റോ വിൽസണ് നൊബേൽ സമ്മാനം നൽകിയത്– League of Nations
* സ്ഥാനമൊഴിഞ്ഞശേഷം സമാധാന നൊബേൽ നേടിയ ഏക അമേരിക്കൻ പ്രസിഡന്റ്– ജിമ്മി കാർട്ടർ (1977–81 കാലയളവിലാണ് ഇദ്ദേഹം പ്രസിഡന്റായിരുന്നത്)
* നൊബേലിനർഹരായ അമേരിക്കൻ പ്രസിഡന്റുമാരിൽ പുരസ്കാരം നേരിട്ട് ഏറ്റു വാങ്ങിയ ആദ്യ വ്യക്തി– ജിമ്മി കാർട്ടർ
* പദവിയിലിരിക്കെ നൊബേൽ പുരസ്കാര സമർപ്പണ ചടങ്ങിൽ പങ്കെടുത്ത ഏക അമേരിക്കൻ പ്രസിഡന്റ് –ബരാക് ഒബാമ

## നൊബേലും മരണവും

* മരണാനന്തര ബഹുമതിയായി ആദ്യമായി നൊബേൽ സമ്മാനം സമർപ്പിച്ചതാർക്കാണ്– Erik Axel Karlfeldt (Literature, 1931)
* ഏതു ഭാഷയിലെ കവിയാണ് Erik Axel Karlfeldt- സ്വീഡിഷ് (കാൽഫെൽറ്റിന്റെ ഭാര്യയാണ് സമ്മാനം സ്വീകരിച്ചത്)
* 1961–ലെ സമാധാന നൊബേൽ സമർപ്പിച്ചത് വിമാനം തകർന്ന് മരണമടഞ്ഞ യു. എൻ. സെക്രട്ടറി ജനറലിനാണ്. പേര്– Dag Hammarskjold
* നൊബേൽ സമ്മാനം പ്രഖ്യാപിക്കുമ്പോൾ ജീവിച്ചിരിക്കുകയും എന്നാൽ ഏറ്റുവാങ്ങുന്നതിനുമുമ്പ് മരിക്കുകയും ചെയ്ത വ്യക്തി– William Vickrey ( Economics, 1996, USA)
* ആത്മഹത്യ ചെയ്ത സാഹിത്യ നൊബേൽ ജേതാക്കൾ– Ernest Hemingway (USA), Yasunari Kawabata (ജപ്പാൻ)
* 1954–ലെ സാഹിത്യ നൊബേൽ ജേതാവായ ഏണസ്റ്റ് ഹെമിങ്‌വേയുടെ (1898–1961) പ്രശസ്ത കൃതി– കിഴവനും കടലും (Old Man and the Sea) (തലയിലേക്ക് നിറയൊഴിച്ചാണ് ഹെമിങ്‌വേ ജീവിതം അവസാനിപ്പിച്ചത്)
* യാസുനാരി കാവബത്ത (1899–1972)ടാഗോ



റിനുശേഷം ഏഷ്യയിൽനിന്ന് നൊബേൽ നേടിയ രണ്ടാമത്തെ എഴുത്തുകാരനാണ്. സ്വയം മരണംവരിച്ച അദ്ദേഹം ഏത് വർഷമാണ് നൊബേൽ നേടിയത്– 1968

## Assassinations

* അമേരിക്കയിലെ മനുഷ്യാവകാശ പ്രവർത്തകനായ മാർട്ടിൻ ലൂതർ കിങ് ജൂനിയർ വധിക്കപ്പെട്ട വർഷം–1968
* ഈജിപ്തിലെ അൻവർ സാദത്ത് വധിക്കപ്പെട്ട വർഷം–1981
* ഇസ്രയേൽ പ്രധാനമന്ത്രി യിസ്ഹാക്ക് റബീൻ വധിക്കപ്പെട്ട വർഷം–1995 (ഘാതകൻ യിഗാൽ അമീർ)

## നൊബേലും സംഘടനകളും

* സമാധാന നൊബേലിനർഹമായ ആദ്യ സംഘടന– Institute of International Law (1904)
* സമാധാന നൊബേൽ നേടിയ രണ്ടാമത്തെ സംഘടന– Permanent International Peace Bureau (1910)
* ഏറ്റവും കൂടുതൽ പ്രാവശ്യം നൊബേൽ സമ്മാനത്തിനർഹനായ സംഘടന– Red Cross (1917,1944, 1963)
* നൊബേൽ സമ്മാനത്തിനർഹനായ ആദ്യ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ– ഡാഗ് ഹാമർഷോൾഡ് (1961)
* United Nations Children's Fund നൊബേൽ നേടിയ വർഷം– 1965
* International Labour Organization നൊബേൽ നേടിയ വർഷം– 1969
* ആംനസ്റ്റി ഇന്റർനാഷണലിന് നൊബേൽ ലഭിച്ച വർഷം– 1977
* The United Nations High Commissioner for Refugees (UNHCR) നൊബേൽ നേടിയ വർഷം– 1954, 1981
* ഐക്യരാഷ്ട്രസഭയും സെക്രട്ടറി ജനറൽ കോഫി അന്നനും പുരസ്കാരം പങ്കിട്ട വർഷം– 2001

* International Atomic Energy Agency നൊബേൽ നേടിയ വർഷം– 2005
* ബംഗ്ലാദേശിലെ Grameen Bank സമാധാനനൊബേൽ നേടിയ വർഷം– 2006 (മുഹമ്മദ് യൂനുസുമായി പങ്കിട്ടു)

## സാഹിത്യനൊബേലും പ്രശസ്തരും

* പ്രശസ്തമായ Mahathma Gandhi എന്ന പുസ്തകം രചിച്ച ഫ്രഞ്ചുസാഹിത്യകാരനായ Romain Rolland സാഹിത്യ പുരസ്കാരം നേടിയ വർഷം– 1915
* നൊബേലും(1925) ഓസ്കറും (1938)നേടിയ ഏക സാഹിത്യകാരൻ– George Bernard Shaw of Ireland
* 1949–ലെ സാഹിത്യ പുരസ്കാരം നേടിയ ടി എസ് എലിയറ്റിന്റെ പ്രശസ്തമായ കൃതി– The Waste Land
* സാഹിത്യ നൊബേൽ നേടിയ ഗണിതശാസ്ത്രകാരൻ– Bertrand Russel of United Kingdom (1950)
* സാഹിത്യ നൊബേലിന് അർഹനായ ഏക പ്രധാനമന്ത്രി– W inston Churchill of United Kingdom (1953)
* 1971 ലെ സാഹിത്യ പുരസ്കാരം നേടിയ Pablo Neruda യുടെ സ്വദേശം– ചിലി
* 1982 ലെ സാഹിത്യ പുരസ്കാരം നേടിയ Gabriel Garcia Marquez ന്റെ സ്വദേശം– കൊളംബിയ
* 1994–ൽ സാഹിത്യനൊബേൽ നേടിയ ജപ്പാനീസ് സാഹിത്യകാരൻ– Kensaburo Oe

## സമാധാന സമ്മാന ജേതാക്കൾ

* അമേരിക്കൻ ഗാന്ധി എന്നറിയപ്പെട്ട മാർട്ടിൻ ലൂതർ കിംഗ് ജൂനിയർ സമാധാന നൊബേലിന് അർഹനായ വർഷം – 1964
* ഹരിത വിപ്ലവത്തിന്റെ (Green Revolution) പിതാവായ Norman Borlaug സമാധാന പുരസ്കാരത്തിന് അർഹനായ വർഷം– 1970
* ഈജിപ്തിലെ Anwar Sadat സമാധാന നൊബേൽ നേടിയ വർഷം– 1978
* 1982ൽ ഏത് വിഷയത്തിനാണ് ആൽവാ മിർഡലിന് നൊബേൽ പുരസ്കാരം ലഭിച്ചത്– സമാധാനം (അവരുടെ ഭർത്താവ് Gunnar Myrdal 1974ലെ ഇക്കണോമിക്സ് സമ്മാനം നേടിയിരുന്നു)
* 1983 ലെ സമാധാന പുരസ്കാരം നേടിയ Leh Valesa യുടെ സ്വദേശം– പോളണ്ട് (പിൽക്കാലത്ത് അദ്ദേഹം രാജ്യത്ത് പ്രസിഡന്റായി)
* 1987 ലെ സമാധാന പുരസ്കാരം നേടിയ Oscar Arias Sanches ന്റെ സ്വദേശം– കോസ്റ്റാ റിക്ക
* സോവിയറ്റ് യൂണിയൻെറ തലവനായിരുന്ന മിഖായേൽ ഗോർബച്ചേവ് സമാധാന നൊബേൽ നേടിയ വർഷം– 1990
* രാഷ്ട്രീയ പ്രതിയോഗിക്കൊപ്പം നൊബേൽ പങ്കിട്ട ദക്ഷിണാഫ്രിക്കൻ നേതാവ് –Nelson Mandela (1993–ലെ സമാധാന പുരസ്കാരം F.W. De Klerk നൊപ്പം പങ്കിട്ടു)
* 1994ൽ ഇസ്രയേൽക്കാരനായ Shimon Perez, Y itzhak Rabin എന്നിവർക്കൊപ്പം സമാധാന പുരസ്കാരം പങ്കിട്ട പലസ്തീൻ അതോറിറ്റി ചെയർമാൻ– Y assar Arafat
* 1996ലെ സമാധാന പുരസ്കാരം നേടിയ Jose Ramos Horta ,Carlos Philip Belo എന്നിവരുടെ രാജ്യം– ഈസ്റ്റ് തിമോർ
* 2000–ൽ സമാധാന പുരസ്കാരം നേടിയ ദക്ഷിണകൊറിയൻ നേതാവ്–
* Kim Dae Jung

## ശാസ്ത്ര സമ്മാന ജേതാക്കൾ

* 1908ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയ Paul Erlich ന്റെ കണ്ടുപിടിത്തം– Chemotherapy
* 1923ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയ Frederick G Banting ന്റെ കണ്ടുപിടിത്തം– Insulin
* 1924ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയ W illem Einthoven ന്റെ കണ്ടുപിടിത്തം– Electro Cardio Gram
* 1929ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയ Sir Frederick Hopkins ന്റെ കണ്ടുപിടിത്തം– Vtiamins
* 1930ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയ Karl Landsteiner റുടെ കണ്ടുപിടിത്തം– Blood groups
* 1948ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയ പോൾ മുള്ളറുടെ കണ്ടുപിടിത്തം– DDT
* ഡിഎൻഎ യുടെ ആകൃതി കണ്ടെത്തിയതിന് Francis Crick of UK .James W atson of USA എന്നിവർക്കൊപ്പം 1962–ലെ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടിയത്– Maurice W ilkins (ഡിഎൻഎ കണ്ടെത്തിയത് Mischer ആണ്)
* Godfrey Hounsfield 1979 ൽ വൈദ്യശാസ്ത്രത്തിനുള്ള പുരസ്കാരം നേടി. ഇദ്ദേഹത്തിന്റെ പ്രശസ്തമായ കണ്ടുപിടിത്തം– CT Scan
* 1903–ൽ ക്യൂറി ദമ്പതിമാർക്കൊപ്പം ഫിസിക്സ് നൊബേൽ പങ്കിട്ട ശാസ്ത്രജ്ഞൻ– Henri Bequerel
* 1906ലെ ഫിസിക്സ് പുരസ്കാരം നേടിയ ജെ.ജെ. തോംസന്റെ കണ്ടുപിടിത്തം– Electron
* 1918–ലെ ഫിസിക്സ് പുരസ്കാരം നേടിയ മാക്സ് പ്ലാങ്കിന്റെ സിദ്ധാന്തം– Quantum Theory
* ആപേക്ഷികതാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണെങ്കിലും ആൽബർട്ട് ഐൻസ്റ്റീൻ നൊബേൽ സമ്മാനത്തിന് അർഹനാക്കിയത് ഫോട്ടോ ഇലക്ട്രിക് ഇഫക്ടിനു നൽകിയ വിശദീകരണമാണ്. ഏതു വർഷത്തെ ഫിസിക്സ് നൊബേലാണ് അദ്ദേഹത്തിനു ലഭിച്ചത്– 1921
* 1935ലെ ഫിസിക്സ് പുരസ്കാരം നേടിയ ജെയിംസ് ചാഡ്വിക്കിന്റെ കണ്ടുപിടിത്തം– Neutron
* 1964ലെ ഫിസിക്സ് പുരസ്കാരം നേടിയ Charles H. Towns ന്റെ കണ്ടുപിടിത്തം– Laser
* 1904ലെ രസതന്ത്ര പുരസ്കാരം നേടിയ W illiam Ramsay യുടെ പ്രശസ്ത കണ്ടുപിടുത്തം– Rare gases
* 1908ലെ രസതന്ത്ര പുരസ്കാരം നേടിയ Ernest Rutherford ന്റെ പ്രശസ്ത കണ്ടുപിടുത്തം– Proton
* 1944ലെ രസതന്ത്ര പുരസ്കാരം നേടിയ Otto Hahn ന്റെ പ്രശസ്ത കണ്ടുപിടിത്തം– Nuclear Fission

## സമാധാന സമ്മാന ജേതാക്കളുടെ പുസ്തകങ്ങൾ

* "Freedom in Exile" രചിച്ചത് ദലൈലാമ
* "Long W alk to Freedom" രചിച്ചത് നെൽസൺ മണ്ടേല
* "Freedom from Fear 'രചിച്ചത് ഓങ് സാൻ സു കി ('Freedom knows no fear ' എന്ന വാക്കുകൾ ഓങ് സാൻ സു കിയുടേതാണ്)

## പ്രത്യേക ശ്രദ്ധയ്ക്ക്

* നൂറാമത്തെ സാഹിത്യ നൊബേൽ ജേതാവ്– JM Coetze of South Africa (2003)
* ഏഷ്യയുടെ നൊബേൽ എന്നറിയപ്പെടുന്നത്– മഗ്സസേ അവാർഡ് (Magsaysay Award)
* അമേരിക്കയുടെ നൊബേൽ എന്നറിയപ്പെടുന്നത്– Lasker Award
* ഇസ്രയേലിന്റെ നൊബേൽ എന്നറിയപ്പെടുന്നത്– W olf Prize
* സമാന്തര നൊബേൽ– റൈറ്റ് ലൈവ്ലിഹുഡ് അവാർഡ്
* ലിറ്റിൽ നൊബേൽ - UNESCO Peace Prize
* നൊബേൽ പ്രൈസിന്റെ പാരഡി–Ig Nobel Prize
* പരിസ്ഥിതി നൊബേൽ– Goldman Prize
* ഗണിതത്തിലെ നൊബേൽ– Abel Prize
* ആർക്കിടെക്ചറിലെ നൊബേൽ– Pritzker Prize
* കംപ്യൂട്ടർ സയൻസിലെ നൊബേൽ–Turing Award
* എഞ്ചിനിയറിങ്ങിലെ നൊബേൽ–Queen Elizabeth Prize for Engineering
* ജോഗ്രഫിയിലെ നൊബേൽ–V autrin Lud Prize
* പൊളിറ്റിക്കൽ സയൻസിലെ നൊബേൽ–Johan Skytte Prize in Political Science
* ആബേൽ പ്രൈസ് നൽകിത്തുടങ്ങുന്നതിനുമുമ്പ് (2003) ഗണിതത്തിലെ നൊബേൽ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്നത്– Fields Medal (40 വയസ്സിനു താഴെയുള്ളവർക്കേ ഇത് ലഭിക്കാൻ അർഹതയുള്ളൂ. ആബേൽ പ്രൈസിന്റെ സമ്മാനത്തുക ഏകദേശം നൊബേലിനു സമാനമാണ്)

## വൈരുധ്യങ്ങൾ

* ഏറ്റവും കൂടുതൽ പേറ്റന്റുകൾ സ്വന്തമാക്കിയെങ്കിലും നൊബേൽ സമ്മാനം ലഭിക്കാത്ത പ്രശസ്ത ശാസ്ത്രജ്ഞൻ–Thomas Alwa Edison
* സോവിയറ്റ് ഹൈഡ്രജൻ ബോംബിന്റെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെട്ട ശാസ്ത്രജ്ഞന് 1975–ൽ സമാധാന നൊബേൽ ലഭിച്ചു. പേര്? Andrei Sakharov
* 1937–നും 1948–നും മധ്യേ അഞ്ചു പ്രാവശ്യം നൊബേൽ സമാധാന സമ്മാനത്തിന് നാമനിർദ്ദേശം ചെയ്യപ്പെട്ടെങ്കിലും അവാർഡ് ലഭിക്കാതെ പോയ നേതാവ്– മഹാത്മാഗാന്ധി ('ഒരു മുഴുവൻസമയ രാഷ്ട്രീയപ്രവർത്തകനോ മനുഷ്യാവകാശ പ്രവർത്തകനോ അല്ല' എന്ന കാരണം പറഞ്ഞാണ് നൊബേൽ കമ്മിറ്റി ഗാന്ധിജിയെ ഒഴിവാക്കിയത്)
* ഗാന്ധിജി ആരാധിക്കുകയും കത്തുകളിലൂടെ ബന്ധം പുലർത്തുകയും ചെയ്ത പ്രശസ്തനായ ഒരു റഷ്യൻ സാഹിത്യകാരനും നൊബേൽ ലഭിച്ചില്ല. പേര്– Leo Tolstoy (ഇദ്ദേഹത്തിന്റെ പ്രശസ്ത കൃതിയാണ് യുദ്ധവും സമാധാനവും)
* ഇരുപതാം നൂറ്റാണ്ടിലെ വിശ്രുത കൃതികളിലൊന്ന് എന്ന് വിശേഷിപ്പിക്കപ്പെടുന്ന യുളിസ്സസ് രചിച്ച വ്യക്തിക്കും നൊബേൽ സമ്മാനം ലഭിച്ചില്ല. പേര്? James Joyce

## നൊബേൽ സമ്മാനവും ഇന്ത്യയും

* നൊബേൽ സമ്മാനത്തിനർഹയായ ആദ്യ ഇന്ത്യക്കാരൻ (ഏഷ്യക്കാരൻ)– രബീന്ദ്രനാഥ് ടാഗോർ (1913)
* ടാഗോറിന്റെ ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് പരിഭാഷയ്ക്ക് അവതാരിക എഴുതിയ സാഹിത്യകാരന് 1923–ലെ നൊബേൽ ലഭിച്ചു. പേര്– W illiam Burton Yeats (ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് പരിഭാഷ മുൻനിർത്തിയാണ് ടാഗോറിന് നൊബേൽ നൽകിയത്)
* ശാസ്ത്രവിഷയത്തിൽ നൊബേൽ നേടിയ ആദ്യ ഏഷ്യക്കാരൻ –സി.വി.രാമൻ (ഫിസിക്സ് –1930)
* സി.വി.രാമനെ നൊബേലിനർഹനാക്കിയ കണ്ടുപിടുത്തം– രാമൻ ഇഫക്ട് (ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയ ഫെബ്രുവരി 28 ആണ് ഇന്ത്യയിൽ ദേശീയ ശാസ്ത്രദിനമായി ആചരിക്കുന്നത്)
* വൈദ്യശാസ്ത്രത്തിൽ ആദ്യമായി നൊബേൽ നേടിയ അമേരിക്കൻ പൗരനായ ഇന്ത്യൻവംശജൻ (American Citizen of Indian Origin)– ഹർഗോവിന്ദ് ഖുരാന (1968)
* ഹർഗോവിന്ദ് ഖുരാനയുടെ പ്രധാന കണ്ടുപിടുത്തം– കൃത്രിമ ജീൻ (Artificial Gene)
* ഫിസിക്സിൽ നൊബേൽ നേടിയ (1983) രണ്ടാമത്തെ ഇന്ത്യക്കാരൻ– എസ്.ചന്ദ്രശേഖർ (അമേരിക്കൻ പൗരത്വമുള്ള വ്യക്തിയാണ് ഇദ്ദേഹം)
* സി.വി.രാമനും എസ്.ചന്ദ്രശേഖറും തമ്മിലുള്ള ബന്ധം– സി.വി.രാമന്റെ അനന്തരവനാണ് എസ്.ചന്ദ്രശേഖർ
* സമാധാന നൊബേലിനർയായ ആദ്യ ഇന്ത്യക്കാരിയായ വിദേശവംശജ (Indian Citizen of Foreign Origin) – മദർ തെരേസ (1979)
* ആഗ്നസ് ഗോൺക്സാ ബൊജാക്സ്ഹ്യു (Agnes Gonxha Bojaxhiu) എന്ന യഥാർഥപേരുള്ള മദർ തെരേസ (1910 –1997)എവിടെയാണ് ജനിച്ചത്– മുൻ യുഗോസ്ലാവ്യയിലെ ഘടക റിപ്പബ്ലിക്കായിരുന്ന മാസിഡോണിയയിലെ സ്കോപ്ജെ എന്ന സ്ഥലത്ത്
* മദർ തെരേസ ഇന്ത്യയിലെത്തിയ വർഷം– 1929
* 1950–ൽ മദർ തെരേസ സ്ഥാപിച്ച സംഘടന– മിഷനറീസ് ഓഫ് ചാരിറ്റി
* സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ നേടിയ ആദ്യ ഏഷ്യക്കാരൻ – അമർത്യാസെൻ (1998)
* അമർത്യാസെന്നിന് പേരു നൽകിയത് മറ്റൊരു നൊബേൽ ജേതാവാണ്. പേര്– രബീന്ദ്രനാഥ് ടാഗോർ (1861–1941)
* അമർത്യാസെൻ പ്രാഗല്ഭ്യം തെളിയിച്ച മേഖല– W elfare Economics (ബംഗാൾ ക്ഷാമം (Bengal Famine) അദ്ദേഹത്തിന്റെ പഠനങ്ങളിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്)
* രസതന്ത്രത്തിൽ ആദ്യമായി നൊബേൽ നേടിയ (2009) ഇന്ത്യൻ വംശജൻ– വെങ്കിട്ടരാമൻ രാമകൃഷ്ണൻ (ഇദ്ദേഹം ഇപ്പോൾ അമേരിക്കൻ പൗരനാണ്. താമസിക്കുന്നത് യുണൈറ്റഡ് കിങ്ഡത്തിൽ)
* സ്വതന്ത്ര ഇന്ത്യയിൽ ജനിച്ച് നൊബേൽ സമ്മാനം നേടിയ ആദ്യ വ്യക്തി– വെങ്കിട്ടരാമൻ രാമകൃഷ്ണൻ
* വെങ്കിട്ടരാമൻ രാമകൃഷ്ണൻ ജനിച്ച സ്ഥലം– തമിഴ്നാട്ടിലെ ചിദംബരം (1952–ൽ ജനിച്ചു)
* ഏതു സംബന്ധിച്ച പഠനത്തിനാണ് വെങ്കിട്ടരാമൻ രാമകൃഷ്ണന് നൊബേൽ ലഭിച്ചത്– Structure and function of the ribosome
* 2007–ൽ Inter governmental Panel on Climate Change എന്ന സംഘടന സമാധാന നൊബേലിനർഹമായപ്പോൾ അതിന്റെ തലവനായിരുന്ന ഇന്ത്യക്കാരൻ– രാജേന്ദ്ര പച്ചൗരി
* 1865–ൽ ബോംബെയിൽ ഒരു ബ്രിട്ടീഷുകാരന്റെ മകനായി ജനിച്ച വ്യക്തി 1907–ൽ സാഹിത്യ നൊബേൽ നേടി. പേര്– റുഡ്യാർഡ് കിപ്ലിംഗ് (നൊബേൽ കമ്മിറ്റി ഇദ്ദേഹത്തെ ബ്രിട്ടീഷ് പൗരനായി കണക്കാക്കുന്നു)
* മൗഗ്ലി എന്ന അനശ്വര കഥാപാത്രത്തിനു ജന്മംനൽകി കിപ്ലിങ് രചിച്ച പ്രശസ്തമായ ബാലസാഹിത്യ കൃതി– 'ജംഗിൾബുക്ക്' (മധ്യപ്രദേശിലെ കൻഹ വനമാണ് ഇതിൻെറ പശ്ചാത്തലം)
* ഉത്തരാഖണ്ഡിലെ അൽമോറയിൽ ഒരു ബ്രിട്ടീഷ് സൈനിക ഓഫീസറുടെ മകനായി 1857–ൽ ജനിച്ച വ്യക്തി 1902–ൽ വൈദ്യശാസ്ത്ര നൊബേൽ നേടി. പേര്–
* Ronald Ross (നൊബേൽ കമ്മിറ്റി ഇദ്ദേഹത്തെ ബ്രിട്ടീഷ് പൗരനായി കണക്കാക്കുന്നു). ഒന്നാം സ്വാതന്ത്ര്യസമരംഅടിച്ചമർത്തിയ ബ്രിട്ടീഷ് ഓഫീസർമാരിലൊളായ Hugh Ross ന്റെ പിൻതലമുറക്കാരനാണിദ്ദേഹം.
* ബ്രിട്ടീഷ് ഇന്ത്യയിൽ ജനിച്ചവരിൽ ആദ്യമായി നൊബേൽ സമ്മാനം നേടിയത്– റൊണാൾഡ് റോസ്
* 1946–ൽ പുരസ്കാരം നേടിയ Herman Hesse (1877–1962) യ്ക്ക് മലയാളത്തിലെ ആദ്യത്തെ പത്രത്തിൻെറയും (രാജ്യസമാചാരം–1847) ശാസ്ത്രീയമായരീതിയിൽ തയ്യാറാക്കിയ നിഘണ്ടുവിൻെറയും (1872) ശിൽപിയായ ഹെർമൻ ഗുണ്ടർട്ടുമായുള്ള ബന്ധം– മകളുടെ മകൻ (ഹെസ്സേയുടെ പ്രശസ്ത കൃതിയാണ് സിദ്ധാർഥ)
* ഇന്ത്യയിലെ മെക്സിക്കൻ സ്ഥാനപതിയായി സേവനമനുഷ്ഠിച്ച സാഹിത്യ നൊബേൽ ജേതാവ് (1990) – Octavio Paz (ഇന്ത്യയെ പ്രണയിച്ച ഈ ലാറ്റിൻ അമേരിക്കൻ പ്രതിഭയുടെ അവസാനകൃതി "In Light of India '(1995) എന്ന ഉപന്യാസ സമാഹാരമാണ്)
* ഇന്ത്യയിൽ വിദ്യാഭ്യാസം നേടിയ മ്യാൻമാർ സ്വദേശി 1991–ൽ സമാധാനനൊബേൽ നേടി. ഏഷ്യയിലെ മണ്ടേല എന്നറിയപ്പെടുന്ന ഈ ജനാധിപത്യവാദി ആര്– Aung San Suu Kyi (നാഷണൽ ലീഗ് ഫോർ ഡെമോക്രസിയുടെ നേതാവ്)
* 2001ലെ സാഹിത്യ നൊബേലിനർഹനായ ട്രിനിഡാഡുസ്വദേശിയും ഇന്ത്യൻ വംശജനുമായ നോവലിസ്റ്റ്– V.S. Naipaul (V.S. stands for V idiadhur Surajprasad) (ഇദ്ദേഹത്തിൻെറ പൂർവികർ ഉത്തർപ്രദേശിലെ ബ്രാഹ്മണകുടുംബക്കാരാണ്. 1932ൽ ട്രിനിഡാഡിൽ ജനിച്ച അദ്ദേഹം 1962ൽ ആദ്യമായി ഇന്ത്യയിൽ എത്തി. ഇന്ത്യയെപ്പറ്റി മൂന്നു പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്– "An Area of Darkness'-(1964),–" India:A W ounded Civilisation '– (1977),– 'India: A Million Mutinies Now '–(1990)–
* ഭാരതരത്നം നേടിയ ശേഷം നൊബേൽ സമ്മാനം (സമാധാനം) നേടിയ ഏക വ്യക്തി– നെൽസൺ മണ്ടേല (യഥാക്രമം– 1990, 1993). ഇന്ത്യയുടെയും പാകിസ്താന്റെയും പരമോന്നത ബഹുമതികൾ നേടിയ ഏക നൊബേൽ ജേതാവാണിദ്ദേഹം.
* നൊബേൽ സമ്മാനം നേടിയ ശേഷം ഭാരതരത്നത്തിന് അർഹനായ ആദ്യ വ്യക്തി – സി.വി.രാമൻ (യഥാക്രമം– 1930, 1954)
* നൊബേൽ (1979), മഗ്സസേ അവാർഡ്(1962), ഭാരത രത്നം (1980) എന്നിവ നേടിയ ഏക വ്യക്തി– മദർ തെരേസ (അന്താരാഷ്ടധാരണയ്ക്കുള്ള മഗ്സസേ അവാർഡ് ലഭിച്ച ആദ്യ ഇന്ത്യക്കാരിയാണ് മദർ തെരേസ. സാമൂഹിക നേതൃത്വത്തിന് (Community Leadership) മഗ്സസേ ലഭിച്ച വിനോബാ ഭാവെയാണ് ഇന്ത്യയിൽനിന്ന് ആദ്യമായി ആ അവാർഡ് (1958)നേടിയത്)
* American Friends Service Committee സമാധാന നൊബേലിന് നാമനിർദ്ദേശം ചെയ്ത ഇന്ത്യൻ പ്രധാനമന്ത്രി– ജവാഹർലാൽ നെഹ്രു
* 1959ൽ ഇന്ത്യ രാഷ്ട്രീയാഭയം നൽകിയ, Tensin Gyatso എന്ന യഥാർഥപേരുള്ള ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമ സമാധാന നൊബേലിന് അർഹനായ വർഷം– 1989
* ഇന്ത്യയിലെ ഏത് സ്ഥലമാണ് ദലൈലാമയുടെ പ്രവാസ ഭരണകൂടത്തിന്റെ ആസ്ഥാനം– ധർമശാല (ഹിമാചൽ പ്രദേശ്)

## കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ
## വിജ്ഞാപനം

നമ്പർ ഡി.ഇ I (1)8185 /2014/പ.വി. തിരുവനന്തപുരം, 11.11.2014.

## ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ജനുവരി 2015

1. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ 2015 ജനുവരി മാസത്തിൽ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് ഓൺലൈൻ വഴി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. **അപേക്ഷകൾ 2014 ഡിസംബർ 10 –ാം തീയതി ബുധനാഴ്ച രാത്രി 12 മണി വരെ സ്വീകരിക്കുന്നതാണ്.** നിശ്ചിത സമയത്തിനു മുൻപു തന്നെ ഫീസ് അടയ്ക്കുന്നതിലും അപേക്ഷ സമർപ്പിക്കുന്നതിലും പരീക്ഷാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷം പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. മുൻ പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള പരീക്ഷാർത്ഥികൾ ഒരു കാരണവശാലും വീണ്ടും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല. അവർ പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. സർവ്വീസിലുള്ള അന്ധരായ പരീക്ഷാർത്ഥികൾക്ക് വേണ്ടി നടത്തുന്ന Viva-Voce ക്ക് (G.O.(P)No.31/11/P&ARD dated 7.9.2011 പ്രകാരം) അപേക്ഷിക്കുവാൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ആയതിനാൽ അന്ധരായ പരീക്ഷാർത്ഥികൾ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കേണ്ടതില്ല.

2. 2012 ജൂലൈ മുതൽ ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ Objective type (OMR മൂല്യനിർണ്ണയം) രീതിയിൽ നടപ്പിലാക്കിവരികയാണ്. Second Class Language Test in Malayalam (Tamil/Kannada), Minority Language Test (Tamil/Kannada) എന്നീ ടെസ്റ്റുകൾക്ക് നിലവിലുള്ള രീതിയിലും വകുപ്പുതല പരീക്ഷയുടെ ബാക്കിയുള്ള എല്ലാ ടെസ്റ്റുകൾക്കും Objective രീതിയിലുമാണ് പരീക്ഷ നടത്തുന്നത്. Alpha Code **ബാധകമായിട്ടുള്ള** OMR **പരീക്ഷയാണ് നടത്തുന്നത്.** ഓരോ പേപ്പറിന്റെയും പരമാവധി മാർക്ക് 100-ഉം വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 40-ഉം ആണ്. Negative Mark ബാധകമാണ്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 (മൂന്നിലൊന്ന്) മാർക്ക് നഷ്ടമാകുകയും ചെയ്യും. വകുപ്പുതല പരീക്ഷകൾക്ക് നിലവിലുള്ള with books/without books രീതി തുടരുന്നതാണ്. Objective രീതിയിലുള്ള പരീക്ഷകൾക്ക് നിലവിലുള്ള സമയക്രമത്തിൽ മാറ്റം ഉണ്ടായിരിക്കുന്നതാണ്.

1. താഴെ പറയുന്ന സ്ഥലങ്ങളിലാണ് പരീക്ഷാകേന്ദ്രങ്ങൾ ഉള്ളത്.

| | | |
|---|---|---|
| (1) തിരുവനന്തപുരം | (2) നെയ്യാറ്റിൻകര | (3) ആറ്റിങ്ങൽ |
| (4) നെടുമങ്ങാട് | (5) കൊല്ലം | (6) കൊട്ടാരക്കര |
| (7) കരുനാഗപ്പള്ളി | (8) അടൂർ | (9) പത്തനംതിട്ട |
| (10) മാവേലിക്കര | (11) ചെങ്ങന്നൂർ | (12) തിരുവല്ല |
| (13) ആലപ്പുഴ | (14) തകഴി | (15) ഹരിപ്പാട് |
| (16) ചേർത്തല | (17) കോട്ടയം | (18) പാലാ |
| (19) തൊടുപുഴ | (20) ഉടുമ്പൻചോല (നെടുംകണ്ടം) | (21) പൈനാവ് (വാഴത്തോപ്പ്) |
| (22) പീരുമേട് | (23) കട്ടപ്പന | (24) വടക്കൻ പറവൂർ |
| (25) എറണാകുളം | (26) തൃപ്പൂണിത്തുറ | (27) മൂവാറ്റുപുഴ |
| (28) വൈക്കം | (29) തൃശ്ശൂർ | (30) കുന്നംകുളം |
| (31) ഇരിങ്ങാലക്കുട | (32) ചാലക്കുടി | (33) പാലക്കാട് |
| (34) മണ്ണാർക്കാട് | (35) ഒറ്റപ്പാലം | (36) ആലത്തൂർ |
| (37) ചിറ്റൂർ | (38) മലപ്പുറം | (39) നിലമ്പൂർ |
| (40) മഞ്ചേരി | (41) പൊന്നാനി | (42) തിരൂർ |
| (43) തേഞ്ഞിപ്പാലം | (44) കോഴിക്കോട് | (45) കൊയിലാണ്ടി |
| (46) വടകര | (47) കല്പ്പറ്റ | (48) സുൽത്താൻബത്തേരി |
| (49) മാനന്തവാടി | (50) തലശ്ശേരി | (51) ഇരിട്ടി (ചാവശ്ശേരി) |
| (52) കണ്ണൂർ | (53) തളിപ്പറമ്പ് | (54) പയ്യന്നൂർ |
| (55) കാഞ്ഞങ്ങാട് | (56) കാസർഗോഡ് | |

(57) കവരത്തി (ലക്ഷദ്വീപ്) (ജുഡീഷ്യൽ ടെസ്റ്റുകളും റവന്യൂ ടെസ്റ്റുകളും പഞ്ചായത്ത് ടെസ്റ്റുകളും എക്സൈസ് ടെസ്റ്റുകളും മാത്രം)

ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് മുൻപായി പരീക്ഷാർത്ഥികൾ ഓൺലൈനായി One-time Registration ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് ഓരോ പരീക്ഷാർത്ഥിയും തങ്ങളുടെ വ്യക്തിപരമായ വിവരങ്ങളായ ജനനത്തീയതി, മേൽവിലാസം, ഔദ്യോഗിക പദവി, ഔദ്യോഗിക മേൽവിലാസം മുതലായവ നൽകുന്നതിനോടൊപ്പം തങ്ങളുടെ ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് ഒരു 'User ID' നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് തന്നെ 'Password' ഉം 'User ID' ഉം തെരഞ്ഞെടുക്കാവുന്നതാണ്. ഇവ രണ്ടും രഹസ്യമായി സൂക്ഷിക്കേണ്ടത് പരീക്ഷാർത്ഥികളുടെ ചുമതലയാണ്. കൂടാതെ വ്യക്തിവിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

നിലവിലുള്ള നിരക്കനുസരിച്ച് എഴുതേണ്ടുന്ന പേപ്പറുകൾക്ക് അടയ്ക്കേണ്ട ഫീസും സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസും (സർട്ടിഫിക്കറ്റ് ഫീസ് ഒരിക്കൽ മാത്രം) ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ അടയ്ക്കേണ്ടതാണ്. ട്രഷറിയിൽ തുക അടച്ചതിനുശേഷം ഓൺലൈൻ അപേക്ഷയിൽ ടി ചെലാൻ നമ്പർ, തുക, തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തണം. തങ്ങളുടെ 'User ID', 'Password' എന്നിവ ഉപയോഗിച്ച് ഓരോ പ്രാവശ്യവും അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് പരീക്ഷാർത്ഥികൾക്ക് ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(a) രജിസ്ട്രേഷന് ഉപയോഗിക്കേണ്ട ഫോട്ടോയുടെ സവിശേഷതകൾ

1 ഫോട്ടോ 31.12.2010 നു ശേഷം എടുത്തവയായിരിക്കണം. അപേക്ഷകന്റെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയിൽ Print ചെയ്തിരിക്കണം.

2 പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്കവിധത്തിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് പാസ്പോർട്ട് സൈസ് ഫോട്ടോയായിരിക്കണം.

3 **200** പിക്സെൽ ഉയരവും, **150** പിക്സെൽ വീതിയും ഉള്ളതും jpg ഫോർമാറ്റിലുള്ളതും **30** kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ ആണ് Upload ചെയ്യേണ്ടത്. അപ്രകാരമല്ലാത്ത ഇമേജുകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

4 വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം (ഫോട്ടോയിലുള്ള വ്യക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ പശ്ചാത്തലം plain ആയിരിക്കണം).

5 മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.

6 കണ്ണുകൾ വ്യക്തമായി കാണത്തക്കവിധത്തിലായിരിക്കണം.

7 തൊപ്പി, (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി/ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതോ മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതോ മുഖം വ്യക്തമല്ലാത്തതോ ആയ ഫോട്ടോകൾ ഉപയോഗിക്കാൻ പാടില്ല.

8 മൊബൈൽ ഫോൺ, Web Cam എന്നിവ ഉപയോഗിച്ച് എടുക്കുന്ന ഫോട്ടോയും Polaroid& Computer Generated Photo യും സ്വീകരിക്കുന്നതല്ല.

9 ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ ആയിരിക്കണം.

10 **ആദ്യഘട്ടത്തിൽ രജിസ്ട്രേഷൻ നടത്തിയപ്പോൾ പഴയ മാതൃകയിലുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്തവർ ഇനിയും പരീക്ഷ എഴുതുന്നതിന് വേണ്ടി അപേക്ഷിക്കുമ്പോൾ പുതിയ മാതൃകയിലുള്ള ഫോട്ടോ അവസാന തീയതിക്കു മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.**

1 – 10 **വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഫോട്ടോയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.**

(b) വകുപ്പുതല പരീക്ഷയ്ക്ക് Online അപേക്ഷകൾ ആദ്യമായി ക്ഷണിച്ച 2011 ജനുവരിക്ക് മുമ്പായി ഒരു പാർട്ടിന്റെ ഭാഗികമായ പേപ്പറുകൾ ജയിച്ചിട്ടുള്ളവർ ശേഷിക്കുന്ന പേപ്പറുകൾക്കും സർട്ടിഫിക്കറ്റിനും ഫീസ് ഒടുക്കി ഓൺലൈൻ വഴി അപേക്ഷിക്കേണ്ടതാണ്. 2011 ജനുവരി മുതൽ സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും എന്നാൽ പരീക്ഷ തോൽക്കുകയും ചെയ്തവർ വീണ്ടും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കേണ്ടതില്ല. 2011 ജനുവരിയിലെ ഡിപ്പാർട്ട്മെന്റൽ പരീക്ഷ മുതൽ അപേക്ഷിക്കുകയും വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെടുകയോ Paper disallow ആവുകയോ ചെയ്തിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റ് ഫീ അടച്ചിട്ടുണ്ടെങ്കിൽ അക്കാര്യം പുതുതായി അപേക്ഷിക്കുമ്പോൾ പ്രത്യേകം രേഖപ്പെടുത്തുകയാണെങ്കിൽ മാത്രം ആയത് സാധുവായി പരിഗണിക്കുന്നതാണ്. ജനുവരി 2011 ൽ പഴയ സിലബസ്സിൽ Revenue Test എഴുതുന്നതിനായി അപേക്ഷിച്ച് സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കിയവരുടെ ടി ഫീസ് ഇപ്പോൾ നടത്തുന്ന Revenue Test (പുതിയ സിലബസ്സ്) ന് പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റ് ഫീസ് വീണ്ടും അടയ്ക്കണം.

(c) **പരീക്ഷാവേളയിൽ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ഒറിജിനൽ ചെല്ലാൻ (എക്സാമിനേഷൻ ഫീ) കൂടി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.**

(d) കേരള സംസ്ഥാനത്തിന് പുറത്തുള്ള അപേക്ഷകർ ചെലാൻ രസീതിന് പകരം ക്രോസ്സ് ചെയ്ത പോസ്റ്റൽ ഓർഡറിന്റെ തുകയും നമ്പരും തീയതിയും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

(e) പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ അവരുടെ ഫോട്ടോയോടുകൂടിയ Admission Ticket-ഉം Identification Certificate ഉം ലഭ്യമാക്കുന്നതും ആയത് ഡൗൺ ലോഡ് ചെയ്ത് യഥാവിധി സാക്ഷ്യപ്പെടുത്തി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(f) ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാനതീയതിവരെയും തങ്ങൾ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ (ഉദാ: പേപ്പറുകൾ, ടെസ്റ്റ്, മേഖല മുതലായവ) മാറ്റി നൽകുന്നതിന് പരീക്ഷാർത്ഥികൾക്ക് അനുവാദം ഉണ്ടായിരിക്കുന്നതാണ്. അവസാനതീയതിയിൽ നിലവിലുള്ള ഫോട്ടോയും മറ്റു വിവരങ്ങളും അടങ്ങിയ അപേക്ഷകളാവും പരിഗണിക്കുക. Online application **പൂരിപ്പിക്കുന്നതിന് മുൻപ് വിജ്ഞാപനം വിശദമായി വായിക്കേണ്ടതാണ്.** വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിലും കമ്മീഷന്റെ ജില്ലാ/മേഖലാ ആഫീസുകൾ, കളക്ടറേറ്റുകൾ, ജില്ലാ ഇൻഫർമേഷൻ ആഫീസുകൾ എന്നിവിടങ്ങളിലും ലഭ്യമാണ്.

(g) പരീക്ഷയ്ക്കുള്ള സമയവിവരപ്പട്ടികയും മേഖലാകേന്ദ്രങ്ങളുടെ പേരും യഥാസമയം ഗസറ്റിൽ പരസ്യപ്പെടുത്തുന്നതാണ്. സമയവിവരപ്പട്ടികകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റ്, ജില്ലാ/മേഖലാ ഓഫീസുകൾ, പരീക്ഷാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും പരീക്ഷാർത്ഥികൾക്ക് റഫറൻസിന് ലഭിക്കുന്നതാണ്. കൂടാതെ ഓരോ പരീക്ഷാർത്ഥിക്കും ആവശ്യമായി വരുന്ന പരീക്ഷകളുടെ ടൈംടേബിൾ അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്. വ്യക്തിപരമായി പരീക്ഷാർത്ഥികൾക്ക് സമയവിവരപട്ടികകൾ തപാലിൽ അയയ്ക്കുന്നതല്ല.

3. കമ്മിഷന്റെ 05.03.2003 ലെ 17-ാം നമ്പർ തീരുമാന പ്രകാരം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് സർവ്വീസിൽ ഉള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

4. **അപേക്ഷാഫീസ്:-** ഫീസ് ഓരോ പേപ്പറിനും 75/ (എഴുപത്തി അഞ്ച്) രൂപ എന്ന നിരക്കിലാണ്. ഈ അടിസ്ഥാനത്തിൽ ഒരു ടെസ്റ്റിന് എത്ര പേപ്പറുകൾ ഉണ്ട് എന്ന് കണക്കാക്കി മൊത്തം പരീക്ഷാഫീസ് അടയ്ക്കേണ്ടതാണ്. പേര്, മേൽവിലാസം, അക്കൗണ്ട് ഹെഡ്, തുക എന്നിവ രേഖപ്പെടുത്തിയ ചെലാൻ പരീക്ഷാർത്ഥിയുടെ Profile ൽ നിന്നുതന്നെ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പരീക്ഷയ്ക്കുള്ള ഫീസ് സംസ്ഥാനത്തെ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിൽ "0051 – PSC – 105 – State PSC – 99 Examination Fee'' എന്ന അക്കൗണ്ട് ഹെഡിൽ അടയ്ക്കേണ്ടതും സർട്ടിഫിക്കറ്റ്ഫീസ് ഓരോ സർട്ടിഫിക്കറ്റിനും 100 രൂപ നിരക്കിൽ "0051 – PSC –800 – State PSC – 99 – Other receipts" **എന്ന** Head of Account ലും ചെലാൻ മുഖേന ഒടുക്കേണ്ടതാണ്. ചെലാൻ നമ്പർ, തുക, ട്രഷറി എന്നിവ Profile ൽ (അവസാനതീയതിക്ക് മുമ്പ്) വെവ്വേറെ രേഖപ്പെടുത്തേണ്ടതും പരീക്ഷാ ഫീ അടച്ച ചെലാൻ പരീക്ഷാ സമയത്ത് ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ഹാജരാക്കേണ്ടതും ആകുന്നു. ജനുവരി 2011 മുതൽ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന് അപേക്ഷിക്കുകയും സർട്ടിഫിക്കറ്റ് ഫീസ് ഒടുക്കുകയും ചെയ്തവർ അതേ പ്രൊഫൈലിലൂടെ അപേക്ഷിച്ചാൽ മാത്രമേ ഒടുക്കിയ സർട്ടിഫിക്കറ്റ് ഫീസ് സാധുവായി പരിഗണിക്കുകയുള്ളൂ. (അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്) **പരീക്ഷാസമയത്ത് ഹാജരാക്കുന്ന അഡ്മിഷൻ ടിക്കറ്റ് യഥാവിധി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലെ ഫോട്ടോയും, പരീക്ഷാഫീസും, സർട്ടിഫിക്കറ്റ് ഫീസും അടച്ച തുക, ട്രഷറി വിവരങ്ങൾ എന്നിവ ആഫീസ്/വകുപ്പ് മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.** സംസ്ഥാനത്തിനു പുറത്തുള്ള അപേക്ഷകർ ചെലാൻ രസീതിനുപകരം ക്രോസ്ചെയ്ത പോസ്റ്റൽ ഓർഡർ (Crossed Postal Order payable to the Secretary, Kerala Public Service Commission, Thiruvananthapuram-4) ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിംഗ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം-4 എന്ന മേൽവിലാസത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്ക് ശേഷം 10 ദിവസത്തിനകം ഈ ഓഫീസിൽ ലഭിക്കത്തക്കവിധത്തിൽ അയച്ചുതരേണ്ടതാണ്. **കേരള സംസ്ഥാനത്തിൽ നിന്നുള്ള അപേക്ഷകർ അപേക്ഷാഫീസ് പോസ്റ്റൽ ഓർഡറായി എടുത്ത് അപേക്ഷിച്ചാൽ അക്കാരണത്താൽ തന്നെ അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.** ഒരിക്കൽ അടച്ച പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ കൊടുക്കുന്നതല്ല.

**നോട്ട്:- (എ)** നേരിട്ടുള്ള നിയമനം വഴിയോ ട്രാൻസ്ഫർ മുഖാന്തിരമോ നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ പ്രൊബേഷന്റെയോ ട്രെയിനിംഗിന്റെയോ പൂർത്തീകരണത്തിനോ ഏതെങ്കിലും തസ്തികയിൽ ഇൻക്രിമെന്റോ സ്ഥിരപ്പെടുത്തലോ ലഭിക്കുന്നതിനോ ഉയർന്ന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം കിട്ടുന്നതിനോ ഒരു പോസ്റ്റിൽ പിഴകൂടാതെ തുടരുന്നതിനോ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (obligatory tests) പ്രസ്തുത ടെസ്റ്റുകൾക്കും സർവ്വീസിലുള്ള ആളുകൾക്ക് പുതുതായി ഏതെങ്കിലും ടെസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ടെസ്റ്റുകൾക്കും G.O. (MS)166/76/PD dated 04.06.1976 അനുസരിച്ച് ജീവനക്കാർക്ക് അതാത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗക്കയറ്റങ്ങൾക്ക് (Line of promotion) **ഉള്ള തസ്തികകളിലേയ്ക്ക് ആവശ്യമായ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾക്കും അപേക്ഷകരിൽ നിന്ന് ഫീസ് ഈടാക്കുന്നല്ല.** ഈ സൗജന്യം ഓരോ ടെസ്റ്റിനെ സംബന്ധിച്ചിടത്തോളവും ഒരാൾക്ക് ഒന്നിൽ കൂടുതൽ തവണ ലഭിക്കുന്നതല്ല. (G.O. (MS)26/76/PD dated 25.01.1976) രണ്ടാമത്തെ തവണ മുതൽ ഫീസ് ഈടാക്കുന്നതാണ്. ഒരു പരീക്ഷയ്ക്ക് അപേക്ഷിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ പരീക്ഷ എഴുതാതിരിക്കുകയും ചെയ്താൽ അതും ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ള തവണയായി കണക്കാക്കപ്പെടുന്നതാണ്. ഫീസ് സൗജന്യം അനുവദിക്കപ്പെട്ടിട്ടുള്ളത് ഓരോ ടെസ്റ്റിനും മുഴുവനായിട്ടാണ്. അല്ലാതെ പല പേപ്പറുകളുള്ള ഓരോ ടെസ്റ്റിന്റെയും ഓരോ പേപ്പറുകളായിട്ടല്ല. (G.O. (MS)29/75/PD dated 06-02-1975) ഉദാഹരണമായി അക്കൗണ്ട് ടെസ്റ്റിനു ചേരുന്ന ഒരാൾക്ക് (4 പേപ്പറിനും കൂടി ചേർന്നാലും ഇല്ലെങ്കിലും) ഒരു പരീക്ഷയ്ക്ക് മാത്രമേ ഫീസ് സൗജന്യം കിട്ടുകയുള്ളൂ. ആ പരീക്ഷയിൽ എല്ലാ പേപ്പറുകളും ജയിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അടുത്ത തവണ മുതൽ തോറ്റ പേപ്പറുകൾക്കും അപേക്ഷിക്കാതിരുന്ന പേപ്പറുകൾക്കും ഫീസ് ഒടുക്കി അപേക്ഷിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾ G.O. (MS)249/70/PD dated 22.07.1970 അനുസരിച്ച് ഗവൺമെന്റ് സർവീസിലുള്ള ടൈപ്പിസ്റ്റുകൾക്കും സ്റ്റെനോഗ്രാഫർമാർക്കും G.O. (Ms.)274/71/PD dated 27.08.1971 അനുസരിച്ച് പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എസ്സ്.എസ്സ്.എൽ.സി. സ്റ്റാന്റേർഡ് (S.S.L.C Standard) ലുള്ള ക്ലറിക്കൽ പരീക്ഷയ്ക്ക് ഇരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള താഴ്ന്ന വരുമാനക്കാരായ ഗവൺമെന്റ് ജീവനക്കാർക്കും G.O. (Rt.)No.706/75/PD

